**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1409** **08-12-2022 - ൽ മറുപടിയ്ക്ക്**

**കാരവൻ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കാരവൻ ടൂറിസം പദ്ധതി വിശദമാക്കാമോ; | (എ) | കേരളത്തിലെ ടൂറിസം മേഖലയുടെ വികസനത്തിനായി സർക്കാർ ആഭിമുഖ്യത്തിൽ അവതരിപ്പിച്ചിട്ടുള്ള നവീന ആശയമാണ് കാരവൻ ടൂറിസം 08.10.21 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ)നം. 18/2021 ടൂറിസം പ്രകാരം സർക്കാർ കാരവൻ ടൂറിസം നയരേഖ പുറത്തിറക്കിയിട്ടുള്ളതാണ്.<br><br>പതിറ്റാണ്ടുകളായി കേരളത്തിന്റെ പ്രധാന ആകർഷണമായി House Boat ഉം കായൽ ടൂറിസവും തുടരുന്നു. അതുപോലെ നവീനമായതും മികവുറ്റതുമായ ഒരു ടൂറിസം ഉൽപ്പന്നം കൊണ്ടുവരേണ്ടത് മാറിയ സാഹചര്യങ്ങളിൽ അത്യന്താപേക്ഷിതമാണ് എന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ കാലോചിതമായതും, കേരളത്തിന്റെ പ്രത്യേകതകളും മനോഹാരിതയും അനുഭവവേദ്യമാക്കുന്നതുമായ ഒരു ടൂറിസം ഉത്പന്നം എന്ന നിലയ്ക്കാണ് "കാരവൻ ടൂറിസം" എന്ന സങ്കൽപ്പം ഉയർന്നുവന്നിട്ടുള്ളത്. ടൂറിസം മേഖലയുടെ സമഗ്രവികസനത്തിനായി ഈ സങ്കൽപ്പത്തെ പുനഃപ്രതിഷ്ഠിക്കുവാനാണ് കാരവൻ ടൂറിസം നയം രൂപീകരിച്ചിട്ടുള്ളത്. വിനോദ സഞ്ചാരികൾക്ക് തങ്ങൾക്ക് പ്രിയപ്പെട്ടതും അതോടൊപ്പം ഇതേവരെ പ്രശസ്തിയാർജ്ജിച്ചിട്ടില്ലാത്തതുമായ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് യാത്ര ചെയ്യാൻ കാരവൻ സഹായകരമാകും. പകൽസമയത്ത് സഞ്ചരിക്കുവാനും രാത്രി കാലങ്ങളിൽ താമസിക്കുവാനും വേണ്ട സൗകര്യങ്ങളോടെയാണ് കാരവനുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. മിതമായ നിരക്കിൽ ഒരു റിസോർട്ടിലോ ഹോട്ടലിലോ ലഭിക്കുന്ന സൗകര്യങ്ങൾ ഒരു കാരവനിലും ലഭ്യമാകും. പ്രധാനമായും സ്വകാര്യമേഖലയിലെ സംരംഭകരുടെ ഉടമസ്ഥതയിലാണ് കാരവനുകൾ. |

കാരവൻ ടൂറിസം പദ്ധതിയിലൂടെ സംസ്ഥാനത്ത് താഴെപ്പറയുന്ന നേട്ടങ്ങൾ സർക്കാർ ലക്ഷ്യമിടുന്നു.

1. ടൂറിസം മേഖലയുടെ സമഗ്രവികസനം സാധ്യമാക്കുക.
2. കേരളത്തിലെ unexplored ആയ destination കൾ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക.
3. നിലവിൽ താരതമ്യേന താമസസൗകര്യങ്ങൾ കുറഞ്ഞ ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ വരവ് ഉയർത്തുക.
4. വിവിധ ജനസമൂഹങ്ങൾക്കു കൂടി പ്രയോജനകരമാകുന്ന വിധത്തിൽ ഉത്തരവാദ ടൂറിസം വികസനം നടപ്പിലാക്കുക.
5. തദ്ദേശവാസികൾക്ക് തൊഴിലവസരം സൃഷ്ടിക്കുക.
6. ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുക.
7. ടൂറിസം മേഖലയെ കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുക.

കേരളത്തിന്റെ നിക്ഷേപസാധ്യതയിലും തൊഴിൽ മേഖലയിലും വിദേശനാണ്യമുൾപ്പെടെയുള്ള വരുമാന സ്രോതസ്സിലും വലിയ സംഭാവന നൽകുന്ന മേഖലയാണ് ടൂറിസം. ടൂറിസം വ്യവസായത്തിന്റെ മുന്നോട്ടുള്ള കുതിപ്പിൽ പ്രധാന പങ്ക് വഹിക്കുവാൻ പോകുന്നത് കാരവൻ ടൂറിസം പദ്ധതിയാണെന്ന് സർക്കാർ വിലയിരുത്തുന്നു.

കാരവൻ ടൂറിസത്തിന്റെ രണ്ടു ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

1. കാരവൻ - വിനോദസഞ്ചാരികൾക്ക് യാത്രയ്ക്കും, താമസത്തിനും വിശ്രമത്തിനും വേണ്ടി പ്രത്യേകം തയ്യാറാക്കിയ വാഹനങ്ങൾ.
2. കാരവൻ പാർക്കുകൾ - യാത്ര ചെയ്യുന്ന കാരവൻ സഞ്ചാരികൾക്ക് കാരവൻ പാർക്ക് ചെയ്യാനും രാത്രിയോ പകലോ ചെലവിടാനും ആ വിനോദ സഞ്ചാരകേന്ദ്രം ആസ്വദിക്കാനുമുള്ള സ്ഥലങ്ങൾ.

കാരവൻ സംരംഭകർക്ക് വേണ്ടി ഒരു ധനസഹായ പദ്ധതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

1. ആദ്യത്തെ 100 കാരവനുകൾക്ക് രൂപ 7.50 ലക്ഷം വീതം അല്ലെങ്കിൽ നിക്ഷേപത്തിന്റെ 15% കുറവ് ഏതോ അത്.

| | | | |
|---|---|---|---|
| | | | 2. 101 - 200 വരെ കാരവനുകൾക്ക് 5 ലക്ഷം വീതം അല്ലെങ്കിൽ നിക്ഷേപത്തിന്റെ 10% കുറവ് ഏതോ അത്.<br>3. 201 - 300 വരെ കാരവനുകൾക്ക് 2.50 ലക്ഷം വീതം അല്ലെങ്കിൽ 5% ഏതോ കുറവ് അത്.<br><br>ഒരാൾക്ക് അല്ലെങ്കിൽ ഒരു സ്ഥാപനത്തിന് പരമാവധി 5 കാരവനുകൾക്ക് വരെ ആനുകൂല്യം ലഭിക്കും.<br><br>കാരവൻ ടൂറിസം നയം ഉത്തരവായ തീയതി മുതൽ 3 വർഷമോ അല്ലെങ്കിൽ 300-ാമത്തെ കാരവൻ പുറത്തിറങ്ങുന്നതുവരെയോ ആണ് പ്രസ്തുത ധനസഹായ പദ്ധതി നിലനിൽക്കുന്നത്.<br><br>നിലവിൽ കാരവനുകൾക്ക് മാത്രമേ നിക്ഷേപ ധനസഹായം നൽകുന്നുള്ളൂ. കാരവൻ പാർക്കുകൾക്ക് ധനസഹായം നൽകുന്നില്ല. |
| (ബി) | കാരവനും, കാരവൻ പാർക്കുകളും പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാനത്ത് എത്ര പേർക്ക് അംഗീകാരം നല്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ബി) | ആദ്യത്തെ കാരവൻ പാർക്ക് വാഗമണിൽ പ്രവർത്തനസജ്ജമായി ഉദ്ഘാടനം കഴിഞ്ഞു. മലമ്പുഴയിൽ അടുത്തതായി ഒരു കാരവൻ പാർക്ക് നിർമ്മാണം നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ